പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3521 14.10.2011-ൽ മറുപടിക്ക്

# സമഗ്രമാലിന്യമുക്ത പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>,, കെ. ശിവദാസൻ നായർ<br>,, എം. എ. വാഹീദ്<br>,, എ. പി. അബ്ദുള്ളക്കുട്ടി | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| എ) സമഗ്ര മാലിന്യ മുക്ത പദ്ധതിക്ക് കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്; | എ) ശുചിത്വ വർഷാചരണ പ്രവർത്തനങ്ങളുടെ ഭാഗമായി നഗരസഭകളിൽ നിലവിലുള്ള ഖരമാലിന്യ സംസ്കരണ പ്ലാന്റുകളുടെ പോരായ്മകൾ പരിഹരിക്കുന്നതിനു പുറമേ, ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പൈലറ്റ് പ്ലാന്റുകൾ സ്ഥാപിക്കുവാൻ കഴിയുമോ എന്ന കാര്യവും സർക്കാർ പരിശോധിച്ചു വരുന്നു. ഇത്തരത്തിലുള്ള മോഡേൺ സാങ്കേതിക വിദ്യകൾ സ്വകാര്യ പങ്കാളിത്തത്തോടെ പി.പി.പി (പബ്ളിക്ക് പ്രൈവറ്റ് പാർട്ട്നർഷിപ്പ്)-ായി നടപ്പിലാക്കുന്ന കാര്യം ആലോചിച്ചു വരുന്നു. വലിയ മുനിസിപ്പാലിറ്റികളുടെ കാര്യത്തിൽ നിലവിലുള്ള പ്ലാന്റുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും വാർഡു തലത്തിൽ അനുബന്ധ ഘടകങ്ങൾ ഉണ്ടാക്കുന്നതിനുമായി സംസ്ഥാന സർക്കാരിന്റെ ഭാഗിക സാമ്പത്തിക സഹായം ലഭ്യമാക്കാനും, പുതിയതായി പ്ലാന്റുകൾ സ്ഥാപിക്കുന്ന നഗരസഭകൾക്ക് ഖരമാലിന്യ സംസ്കരണത്തിനായുള്ള സാങ്കേതിക വിദ്യ ഏർപ്പെടുത്തുന്നതിനുള്ള പ്രത്യേക സാമ്പത്തിക സഹായം നൽകാനും 8 കോടി രൂപ ശുചിത്വ മിഷന്റെ 2011-12 |

സാമ്പത്തിക വർഷത്തെ പുതുക്കിയ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| ബി) നഗരപ്രദേശത്തെ വീടുകളിലെ മാലിന്യം എങ്ങനെ കൈകാര്യം ചെയ്യാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | ബി) നഗരപ്രദേശത്തെ വീടുകൾക്ക് ഖരമാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തു നിന്നും സബ്സിഡി നൽകുന്ന രീതി ഇപ്പോൾ നിലവിലില്ല. ഈ സർക്കാർ വിഭാവനം ചെയ്തിട്ടുള്ള ശുചിത്വ വർഷാചരണത്തിന്റെ ഭാഗമായി നഗരപ്രദേശങ്ങളിലെ വീടുകളിലെ ഖരമാലിന്യ സംസ്കരണ സംരംഭങ്ങളായ മണ്ണിര കമ്പോസ്റ്റിങ്ങ്, റിങ്ങ് കമ്പോസ്റ്റിങ്ങ്, ബയോഗ്യാസ് പ്ലാന്റ് മുതലായവയ്ക്ക് സബ്സിഡി നൽകുന്ന കാര്യം സർക്കാർ തത്വത്തിൽ അംഗീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ